? ചോദ്യോത്തരം
മുജീബ്

# ജമാഅത്ത് നിലപാടിന്റെ ധാർമികത

■ *“യാസിർ അറഫാത്തുമായി ഇന്ത്യയെ കൂടുതൽ അടുപ്പിക്കുകയും ഗസ്സയിലെ ദുരിതബാധിതർക്ക് കൃത്യസമയത്ത് സഹായമെത്തിക്കാൻ പരിശ്രമിക്കുകയും ചെയ്ത സ്ഥാനാർഥിക്ക് പിന്തുണയില്ല. നിരീശ്വര നിർമത പ്രസ്ഥാനത്തിന്റെ ശക്തരായ വക്താക്കൾക്കും ദൈവനാമത്തിൽ നിയമസഭയിൽ സത്യപ്രതിജ്ഞ ചെയ്യാൻ മടിച്ചവർക്കും മദ്യ വ്യവസായ തൊഴിലാളി യൂനിയന്റെ നേതാക്കൾക്കും പരിപൂർണ പിന്തുണ...” (‘തെരഞ്ഞെടുപ്പും ജമാഅത്തെ ഇസ്‌ലാമിയും’, കെ.എൻ.എ ഖാദർ, ചന്ദ്രിക 24.4.09). മുജീബിന്റെ പ്രതികരണം?*

***ഹാജറ കടന്നമണ്ണ***

*“ജമാഅത്ത് പോലുള്ള ഒരു സംഘടനക്ക് എത്ര വോട്ടുണ്ടെന്നത് ഇവിടെ കാര്യമാക്കുന്നില്ല. ഒരു പക്ഷേ ജയപരാജയങ്ങൾ തീരുമാനിക്കുന്നതിൽ ഒരു പങ്കും അവർക്ക് ഇല്ലെന്നുവരാം. സാർവദേശീയവും ദേശീയവുമായ ജ്ഞാനത്തിന്റെ ഭാരവും, ഭൗതികവും ആത്മീയവുമായ മഹാ വിജ്ഞാനത്തിന്റെ ഭാണ്ഡവും പേറി നടക്കുന്ന ഈ സംഘടനക്ക് ഇന്ത്യയുടെ ഭാവി നിർണയിക്കുന്ന തെരഞ്ഞെടുപ്പ് പോലുള്ള ഒരു ചെറിയ കാര്യത്തെക്കുറിച്ച് വലിയ വിവരമില്ലാതെ പോയല്ലോ എന്ന ദുഃഖം മാത്രം വ്യക്തമാക്കാനാണ് ഇത് എഴുതുന്നത്. വലിയൊരു പ്രസിദ്ധീകരണശാലയും അനേകം ഗ്രന്ഥാലയങ്ങളും സ്വന്തമായി പത്രമാസികകളും വിപുലമായ ഒരു പണ്ഡിത ശ്രേണിയും ശാസ്ത്രീയമായ വിശകലന രീതിയും ഉയർത്തിപ്പിടിച്ച ശിരസ്സുമായുള്ള നടപ്പും കണ്ടപ്പോൾ കുറച്ചുകൂടി വിവേകം പ്രതീക്ഷിച്ചുപോയി, ക്ഷമിക്കണം” (കെ.എൻ.എ ഖാദർ, ചന്ദ്രിക 24.4.09). മുജീബിന്റെ പ്രതികരണം?*

***പി.വി ഉമ്മർ കോയ കല്ലായി***

**സ്വ**ന്തം കാലിലെ മഹാമന്ത് ഒളിപ്പിക്കുകയും അന്യന്റെ കാലിലെ നീർക്കെട്ട് വൻ മന്തായി ചിത്രീകരിക്കുകയും ചെയ്യുകയാണ് മറ്റു രാഷ്ട്രീയക്കാരെപ്പോലെ മുസ്‌ലിംലീഗ് വക്താവായ കെ.എൻ.എ ഖാദറിന്റെയും ദൗർബല്യം. ഒരു മണ്ഡലത്തിലും നിർണായക വോട്ടുകളോ സ്വാധീനമോ ഇല്ലെന്ന് താൻ വിശ്വസിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ ഹത്യ നടത്താൻ ഖാദറും അദ്ദേഹത്തിന്റെ പാർട്ടി പത്രവും ഊർജം കളയുന്നതെന്തിന് എന്ന ചോദ്യമുണ്ട്. ഇത്തരമൊരു സംഘടനയുടെ പിന്തുണ തേടി മുസ്‌ലിം ലീഗ് നേതാക്കൾ പലതവണ ജമാഅത്ത് നേതൃത്വവുമായി ബന്ധപ്പെടുമ്പോൾ ഖാദറും സമാന മനസ്കരും വിലക്കാതിരുന്നതെന്ത് എന്നും ചോദിക്കാതെ വയ്യ. പൊന്നാനിയിലും മഞ്ചേരിയിലും മുസ്‌ലിം ലീഗ് നേതാക്കളായ ബനാത്ത് വാലയും ഇ. അഹ്മദും മത്സരിച്ചപ്പോൾ പിന്തുണ നൽകിയ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് ഒരു നല്ല വാക്കെങ്കിലും കെ.എൻ.എ ഖാദറോ പാർട്ടി പത്രമോ പറഞ്ഞിരുന്നോ എന്ന് ഓർത്തു നോക്കുന്നതും നല്ലതാണ്. ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാതിരുന്ന കാലത്ത് അതിനെ നിശിതമായി എതിർത്തു; അടിയന്തരാവസ്ഥക്കെതിരെ വോട്ട് ചെയ്തപ്പോൾ അതിനെയും എതിർത്തു. മൂല്യാധിഷ്ഠിത രാഷ്ട്രീയം ഉയർത്തിപ്പിടിച്ച് ലീഗുകാർ ഉൾപ്പെടെയുള്ളവരെ പിന്തുണക്കുന്ന നിലപാട് ജമാഅത്ത് സ്വീകരിച്ചപ്പോഴും പരിഹാസം തുടർന്നു. ഇടതുമുന്നണിയെ പിന്തുണച്ചപ്പോൾ ഏതായാലും കുറ്റപ്പെടുത്തി. ഇപ്പോൾ രണ്ട് ലോക്സഭാ മണ്ഡലങ്ങളിലൊന്നിൽ മുസ്‌ലിം ലീഗ് സ്ഥാനാർഥിയെ പിന്തുണക്കുകയും മറ്റേതിൽ ന്യായമായ കാരണങ്ങളാൽ എതിർക്കുകയും ചെയ്തപ്പോഴും പരിഹാസവും ആക്ഷേപവും ബാക്കി. ഇഷ്ടമില്ലാ അച്ചി തൊട്ടതെല്ലാം കുറ്റം എന്ന മനോഭാവമാണ് ചുരുക്കത്തിൽ പ്രവർത്തിക്കുന്നത്. 1992 ഡിസംബറിൽ ബാബരി മസ്ജിദ് ധ്വംസനത്തെത്തുടർന്ന് നരസിംഹറാവു സർക്കാർ ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ ഏർപ്പെടുത്തിയ അന്യായമായ നിരോധത്തെ അപലപിച്ചതായിരുന്നല്ലോ യശശ്ശരീരനായ ഇബ്റാഹീം സുലൈമാൻ സേട്ടിനെ മുസ്‌ലിം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റ് സ്ഥാനത്തുനിന്ന് നീക്കംചെയ്യാൻ ചുമത്തിയ കുറ്റാരോപണങ്ങളിലൊന്ന്.

നരസിംഹറാവു സർക്കാർ ഇസ്രയേലുമായുള്ള നയതന്ത്രബന്ധം പൂർണ പദവിയിലേക്ക് ഉയർത്തിയതു മുതൽ ആ രാജ്യവുമായി അഭേദ്യവും അതിശക്തവുമായ ബാന്ധവമാണ് ഇന്ത്യ സ്ഥാപിച്ചത്. അന്നേരവും അറബ്‌ലോകത്തെ സുഖിപ്പിക്കാനും ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ കണ്ണിൽ പൊടിയിടാനും യാസിർ അറഫാത്തിനെയും പി.എൽ.ഒവിനെയും സൽക്കരിച്ചുവിടുന്ന കപട നാടകം അരങ്ങേറിയിരുന്നു. ബാബരി മസ്ജിദ് ധ്വംസനം ലോക സമൂഹത്തിൽ ഉയർത്തിയ

പ്രതിഷേധം തണുപ്പിക്കാൻ ഐക്യരാഷ്ട്രസഭയിൽ പോയി പ്രസംഗിച്ച ഇ. അഹ്മദ്, മുസ്‌ലിംകൾക്ക് സുരക്ഷയും സമാധാനവും ഇന്ത്യയിലെപ്പോലെ ലോകത്ത് ഒരിടത്തും ഇല്ലെന്ന് തട്ടിവിടുകയും ചെയ്തിരുന്നു. ഗസ്സയിൽ കൂട്ടസംഹാരം നടത്തിയ ഇസ്രയേലിനെതിരെ മൻമോഹൻ സർക്കാറോ അതിന്റെ ഭാഗമായ മുസ്‌ലിം ലീഗ് നേതാവോ ഫലപ്രദമായി ഇടപെട്ടില്ല, ഇന്നും ഹമാസിനെക്കുറിച്ച് ഒരു നല്ല വാക്കും അഹ്മദിന്റെ നാവിൽനിന്ന് പുറത്തുവന്നത് കേട്ടിട്ടുമില്ല. നിരീശ്വര നിർമത പ്രസ്ഥാനത്തിന്റെ ശക്തരായ വക്താക്കൾ നാലര വർഷക്കാലം പിന്തുണച്ച സർക്കാറിൽ മന്ത്രിയായിരുന്ന അഹ്മദ് എന്നെങ്കിലും ഒരു നാൾ അവരെയോ അവരുടെ നിർമതത്വത്തെയോ തള്ളിപ്പറഞ്ഞിരുന്നോ? പിണങ്ങിപ്പിരിഞ്ഞു പരസ്പരം മത്സരിക്കുമ്പോൾ മാത്രമാണോ നിരീശ്വരത്വം നിഷിദ്ധമാവുന്നത്? കോൺഗ്രസ് ടിക്കറ്റിൽ മത്സരിക്കുന്ന മദ്യ വ്യവസായികളും മദ്യത്തൊഴിലാളി നേതാക്കളും മാത്രം പരിശുദ്ധാത്മാക്കളും മാർക്സിസ്റ്റുകാരായാൽ നരകപാപികളുമാവുന്ന രസതന്ത്രം മഹാപ്രതിഭാധനനായ ഖാദറിനേ പിടികിട്ടൂ. ചെത്തുതൊഴിലാളികളുടെ ഐ.എൻ.ടി.യു.സി യൂനിയനെ നയിച്ച ആര്യാടൻ മുഹമ്മദിന്റെ പിന്തുണ അഹ്മദ് സ്വീകരിച്ചതിനെക്കുറിച്ചും ഖാദറിന് ന്യായമുണ്ടാവാം.

രാജ്യത്ത് നിരീശ്വര നിർമത മത നിരാസ പ്രത്യയശാസ്ത്രങ്ങൾക്കെതിരെ എക്കാലത്തും ആശയസമരം നടത്തിവന്ന ജമാഅത്തെ ഇസ്‌ലാമി ഉയർത്തിപ്പിടിക്കുന്ന ദൈവികാധിപത്യ സിദ്ധാന്തമാണ് ഖാദറിനെ പോലുള്ളവരുടെ കണ്ണിൽ മഹാപാതകം. ഈ നിലപാടിൽനിന്നുകൊണ്ടുതന്നെയാണ് ഇന്ന് ഏറ്റവും വലിയ തിന്മകളായ സാമ്രാജ്യത്വത്തിനും ഫാഷിസത്തിനുമെതിരെ ഇടതു പക്ഷത്തെ പിന്തുണക്കുന്നത്.

## വർഗീയതയെക്കുറിച്ച ഗംഗാധര ഭാഷ്യം

■ *"വർഗീയതയെ ഞാൻ ഡിഫൈൻ ചെയ്യുന്നത് ശ്രദ്ധിക്കണം. മുസ്‌ലിംകൾക്ക് വേണ്ടി പ്രവർത്തിക്കുന്നത് വർഗീയതയല്ല. മുസ്‌ലിംകൾ നന്നാവാൻ വേണ്ടി ഹിന്ദുക്കൾ നശിക്കട്ടെ എന്നു പറയുന്നത് വർഗീയതയാണ്. ആർ.എസ്.എസ് ഹിന്ദുക്കൾക്കിടയിൽ പ്രവർത്തിക്കുന്നത് പോലെ. അതേപോലെ പ്രവർത്തിക്കുന്ന സംഘടനകൾ മുസ്‌ലിംകൾക്കും ഉണ്ട്. ഉദാഹരണം ജമാഅത്തെ ഇസ്‌ലാമി. കേരളത്തിൽ അവർ വർഗീയ പ്രചാരണം നടത്തുന്നില്ല. എന്നാൽ ഹിസ്ബുൽ മുജാഹിദീനെ പോലുള്ള സംഘടനകൾ ജമാഅത്തെ ഇസ്‌ലാമിയുടെ ഭാഗമാണ്. അതൊരു കേഡർ പാർട്ടിയാണ്. കേഡർ പാർട്ടി എന്നത് പട്ടാള പാർട്ടി. തിയറിയിൽ അവർ സെക്യുലർ അല്ല"* (എം. ഗംഗാധരനുമായുള്ള അഭിമുഖം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009 ഏപ്രിൽ 12).

*ജമാഅത്തെ ഇസ്‌ലാമിയുടെ സാംസ്കാരിക പരിപാടികളിൽ സഹകരിച്ചിരുന്ന ചിലർ ഇത്തരത്തിൽ ജമാഅത്തിനെ കുറിച്ച് അഭിപ്രായം പറയുന്നതിനെ മുജീബ് എങ്ങനെ കാണുന്നു?*

**എൻ.പി അബ്ദുൽ കരീം**
**ചേന്ദമംഗല്ലൂർ**

**ന**മ്മുടെ മതേതര ബുദ്ധിജീവികളിൽ പലരും സമകാലിക പ്രശ്നങ്ങളിൽ അഭിപ്രായം പറയുമ്പോൾ അത് വസ്തുനിഷ്ഠമാണെന്ന് ഉറപ്പു വരുത്താറില്ല. തെറ്റായ പ്രചാരണങ്ങളാൽ സ്വാധീനിക്കപ്പെടാറുമുണ്ട്. ഇതിന് ഉദാഹരണമാണ് ചരിത്രകാരനായ ഡോ. എം. ഗാഗാധരൻ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് നടത്തിയ നിരീക്ഷണം.

സാമുദായികതയും വർഗീയതയും ഒന്നല്ല രണ്ടാണെന്നത് ശരിയാണ്. ആർ.എസ്.എസ് ഹിന്ദു സാമുദായിക സംഘടനയല്ല. തീവ്ര ഹിന്ദുത്വ ദേശീയതയുടെ ഭൂമികയിൽ ഹിംസാത്മകമായി പ്രവർത്തിക്കുന്ന സായുധ പ്രസ്ഥാനമാണ്. അങ്ങനെത്തന്നെയാണ് ജമാഅത്തെ ഇസ്‌ലാമിയും എന്ന് തെളിയിക്കാൻ ശ്രീ ഗംഗാധരൻ ഹാജരാക്കുന്നത് ഹിസ്ബുൽ മുജാഹിദീനെയാണ്. ജമ്മു-കശ്മീരിന്റെ വിഘടനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഹിസ്ബുൽ മുജാഹിദീന് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുമായോ സ്വതന്ത്ര സംഘടനയായ ജമ്മു-കശ്മീർ ജമാഅത്തെ ഇസ്‌ലാമിയുമായി പോലുമോ ബന്ധമില്ല. കശ്മീർ പ്രശ്നത്തിന്റെ സങ്കീർണത നല്ലപോലെ മനസ്സിലാക്കി അവിടെ ജനഹിതത്തെ അവഗണിച്ചുവന്ന ഇന്ത്യാ ഗവൺമെന്റിന്റെ നിലപാടിനെ ചോദ്യംചെയ്ത ആർജവമുള്ള ബുദ്ധിജീവിയാണ് ഗംഗാധരൻ. 1987ലെ തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുപ്പ് അട്ടിമറിയെത്തുടർന്ന് രംഗംവിട്ട് മിലിറ്റൻസിയിലേക്ക് തിരിഞ്ഞ സ്വലാഹുദ്ദീനാണ് ഹിസ്ബുൽ മുജാഹിദീന്റെ സ്ഥാപകൻ. അദ്ദേഹത്തെ തുടക്കത്തിൽ പിന്തുണച്ച കശ്മീർ ജമാഅത്ത് നേതാവ് സയ്യിദ് അലിഷാ ഗീലാനി പോലും ഇപ്പോൾ ഹിസ്ബുൽ മുജാഹിദീനോടൊപ്പമില്ല. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് ഒരിടത്തും കായിക പരിശീലനമോ ആയുധ സംഭരണമോ ഇല്ലെന്നും, ഹിന്ദു സമുദായത്തിനെതിരെ ചെറുവിരലനക്കിയ സംഭവം പോലും ആ സംഘടനയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ ഇല്ലെന്നും ഗംഗാധരൻ മനസ്സിലാക്കേണ്ടതായിരുന്നു. കേരളത്തിനകത്തും പുറത്തും ഭിന്ന സമീപനങ്ങൾ പുലർത്തുന്ന പ്രസ്ഥാനവുമല്ല ജമാഅത്തെ ഇസ്‌ലാമി. അച്ചടക്കവും ധാർമിക ശിക്ഷണവും പരിരക്ഷിക്കാൻ വ്യവസ്ഥാപിതത്വം നിലനിർത്തുന്നത് മാത്രമാണ് ജമാഅത്തിന്റെ കേഡർ സ്വഭാവം. അല്ലാതെ ഒരു വിധത്തിലുള്ള സൈനികതയും അതിനില്ല, ഇന്നേവരെ വർഗീയമായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടുമില്ല. വേശ്യകളെ ലൈംഗിക തൊഴിലാളികളാക്കി മഹത്വവത്കരിച്ച് അവരുടെ അവകാശങ്ങൾക്കായി പൊരുതുക പോലുള്ള ചെയ്തികളെ സെക്യുലരിസത്തിന്റെ നിരാസമായി കണ്ടുകൂടാ. അത് സദാചാരപരമായ കാഴ്ചപ്പാടിന്റെ പ്രശ്നമാണ്.

## സമസ്തയുടെ നിലപാട്

■ *"ജനാധിപത്യം ദീനിന് അന്യമാണെന്ന് പ്രഖ്യാപിക്കാൻ ന്യായമില്ല. ഭൂരിപക്ഷ പ്രകാരം തീരുമാനമെടുക്കുന്നത് ഇസ്‌ലാമിക ഖിലാഫത്തിന്റെ കാലത്തേ അംഗീകരിക്കപ്പെട്ടതാണ്. സമസ്തക്ക് ഈ നിലപാട് ആണ് ഉള്ളത്. ആദ്യം ഇതിനെ എതിർത്തവർ പിന്നീട് രാഷ്ട്രീയ പാർട്ടി രൂപീകരിച്ചപ്പോഴും സമസ്ത നിലപാട് മാറ്റിയില്ല. സ്ഥാനാർഥിയെ നിർത്തുകയോ പിന്തുണ പ്രഖ്യാപിക്കുകയോ ചെയ്യുന്നത് സമസ്തയുടെ രീതിയല്ല എന്നും സമസ്ത കേരള ജനറൽ സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ പ്രഖ്യാപിച്ചു"* (മാധ്യമം 9.4.2009). *ഈ നിലപാടിനെപ്പറ്റി മുജീബിന്റെ പ്രതികരണം?*

**വി.വി മുഹമ്മദ് ഫാറൂഖ്**
**ഫാറൂഖ് കോളെജ്**

ജനാധിപത്യം മതപരമല്ല, മതേതരമാണ്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ദൃഷ്ടിയിൽ ദീൻ എന്നാൽ മതം ആണ്, സമസ്ത മത സംഘടനയും. മതസംഘടന മതേതര കാര്യങ്ങളിൽ ഇജ്തിഹാദിലൂടെ ദീനിന്റെ വെളിച്ചത്തിൽ പ്രതികരിക്കുമ്പോൾ അടിസ്ഥാന സമവാ

ക്യംതന്നെയാണ് മാറുന്നത്. ഈ മാറ്റം ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ വിശദീകരിക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാമിക ഖിലാഫത്ത് ജനാധിപത്യപരമായിരുന്നു എന്ന നിരീക്ഷണത്തിലൂടെ ഇസ്‌ലാമിക രാഷ്ട്രീയ വ്യവസ്ഥയെ താത്ത്വികമായി അംഗീകരിക്കുകയാണ് അദ്ദേഹം ചെയ്യുന്നതെങ്കിൽ അത് സ്വാഗതാർഹമാണ്. ജമാഅത്തെ ഇസ്‌ലാമി ഈ സത്യം തുടക്കത്തിലേ പ്രഖ്യാപിച്ചതാണ് സാമ്പ്രദായിക മതസംഘടനകളെ പ്രകോപിപ്പിച്ചതെന്നോർക്കണം. ജനങ്ങളുടെ ഭൂരിപക്ഷം തെരഞ്ഞെടുക്കുന്ന ജനകീയ ഭരണസംവിധാനത്തെ എതിർത്തവർ ജമാഅത്ത് ഏതായാലും അല്ല. അത് പുതിയ രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചിട്ടുമില്ല. രൂപവത്കരിക്കുമ്പോൾ അത് നിശ്ചയമായും ഇസ്‌ലാമിക തത്ത്വങ്ങളിലൂന്നിയായിരിക്കും.

## അൽ അമീൻ

■ *പ്രവാചകത്വത്തിനു മുമ്പുതന്നെ ഒരു തികഞ്ഞ മുസ്‌ലിമിന്റെ ലക്ഷണങ്ങളോടെയാണ് മുഹമ്മദ് നബി(സ) ജീവിച്ചത്. 'അൽ അമീൻ' എന്ന പേരിൽ ജനഹൃദയങ്ങളിൽ സ്ഥാനംപിടിക്കാൻ മാത്രം ജീവിതം സംശുദ്ധമാകാൻ എന്തായിരുന്നു അദ്ദേഹത്തിന് പ്രചോദനം?*

***ആദിത്യൻ കാതിക്കോട്, ഖത്തർ***

**ഏ**തു മനുഷ്യനും ശുദ്ധ പ്രകൃതിയിലാണ് ജനിക്കുന്നതെന്നും സാഹചര്യങ്ങളാണ് അവനെ പരിവർത്തിപ്പിക്കുന്നതെന്നും ഖുർആനും പ്രവാചകനും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുഹമ്മദ് (സ) ഭൂജാതനായതും ശുദ്ധ പ്രകൃതിയിൽതന്നെ; അതും ഏക ദൈവത്വത്തിന്റെ പോരാളിയായിരുന്ന ഇബ്റാഹീം നബി(അ)യുടെ സന്താനപരമ്പരയിൽ. അല്ലാഹുവിന്റെ പ്രത്യേക സംരക്ഷണവും സ്വന്തം ഇഛാശക്തിയും മൂലം മുഹമ്മദിനെ സാഹചര്യങ്ങൾ ദുഷിപ്പിച്ചില്ല. അറബ് സമൂഹം അങ്ങേയറ്റം ദുഷിച്ചിരുന്നെങ്കിലും വിശ്വാസ്യതയെ ആ സമൂഹവും മാനിച്ചത് നബിക്ക് കൂടുതൽ പ്രചോദനവും പ്രോത്സാഹനവും പകർന്നിരിക്കണം. പ്രളയത്തെത്തുടർന്ന് പുനർ നിർമിതമായ കഅ്ബയിൽ ഹജറുൽ അസ്‌വദ് പുനഃസ്ഥാപിക്കുന്നതിനെച്ചൊല്ലിയുള്ള ഗോത്രശണ്ഠയിൽ മാധ്യസ്ഥനായി മുഹമ്മദിനെ അംഗീകരിക്കാൻ മുശ്‌രിക്കുകൾക്ക് പ്രേരണ അദ്ദേഹത്തിന്റെ സത്യസന്ധത ആയിരുന്നല്ലോ. സമ്പന്നയായ ഖദീജ തന്റെ ബിസിനസ്സ് അദ്ദേഹത്തെ ഏൽപിച്ചതും ഇക്കാരണത്താൽതന്നെ. ■